jafarelkd@gmail.com



ജഅ്ഫര്‍ എളമ്പിലാക്കോട്

# വ്രതം: പ്രതിഫലവും സവിശേഷതയും

عَنْ أبي أُمَامَةَ رَضِيَ اللَّهُ عَنْهُ قَالَ : قُلْتُ يَا رَسُولَ اللَّهِ ﷺ مُرْنِي بِعَمَلٍ. قَالَ: عَلَيْكَ بِالصَّوْمِ ، فَإِنَّهُ لا عِدْلَ لَهُ
قُلْتُ: يَا رَسُولَ اللَّهِ ، مُرْنِي بِعَمَلٍ، قَالَ عَلَيْكَ بِالصَّوْمِ فَإِنَّهُ لاعِدْلَ لَهُ. قُلْتُ يَا رَسُولَ اللَّهِ ، مُرْنِي بِعَمَلٍ قَالَ:
عَلَيْكَ بِالصَّوْمِ. فَإِنَّهُ لامِثْلَ لَهُ

**അബൂഉമാമ(റ)യില്‍നിന്ന്: ഞാന്‍ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ഒരു കര്‍മം താങ്കള്‍ എന്നോട് കല്‍പിച്ചാലും!" പ്രവാചകന്‍(സ) പറഞ്ഞു: "നീ വ്രതമനുഷ്ഠിച്ചുകൊള്ളുക, പ്രതിഫലത്തിന്റെ കാര്യത്തില്‍ അതിനോട് സദൃശമായ മറ്റൊരു കര്‍മവുമില്ല." ഞാന്‍ ചോദിച്ചു: "പ്രവാചകരേ, മറ്റൊരു കര്‍മം കൂടി കല്‍പിച്ചാലും!" അവിടുന്ന് പറഞ്ഞു: "നോമ്പെടുക്കൂ, പ്രതിഫലത്തില്‍ അതിനു സമാനമായ മറ്റൊന്നും തന്നെയില്ല." ഞാന്‍ വീണ്ടും ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, മറ്റൊന്നു കൂടി കല്‍പിച്ചാലും!" അവിടുന്ന് പറഞ്ഞു: "നോമ്പെടുക്കുന്നതില്‍ നിഷ്ഠ കാണിക്കുക, നിശ്ചയം അതിനു തുല്യമായി മറ്റൊരു ആരാധനയുമില്ല"***

വ്യതിരിക്തമായ ആരാധനാ കര്‍മമാണ് വ്രതം. രൂപത്തിലും ഭാവത്തിലും അനന്തര ഫലത്തിലും ഇതര ആരാധനകളില്‍ നിന്ന് തീര്‍ത്തും വ്യത്യസ്തം. ധര്‍മബോധവും ജീവിത വിശുദ്ധിയും കൈവരിക്കാന്‍ നോമ്പിനേക്കാള്‍ ഫലപ്രദമായ മറ്റൊരു കര്‍മവുമില്ല. അല്ലാഹുവിന്റെ പ്രീതിയും കാരുണ്യവുമാകട്ടെ നോമ്പുകാരനില്‍ വര്‍ഷിക്കുന്നതുപോലെ മറ്റൊരാളിലും വര്‍ഷിക്കുകയുമില്ല. ആരാധനകളില്‍ വ്രതത്തിനുള്ള ഈ പ്രത്യേക സ്ഥാനവും സവിശേഷതയും അടിവരയിട്ട് ഓര്‍മപ്പെടുത്തുകയാണ് ഈ ഹദീസ് ചെയ്യുന്നത്.

ഗോപ്യമായ ഒരാരാധനാ കര്‍മമാണ് വ്രതം. നമസ്കാരം, സകാത്ത്, ഹജ്ജ് എന്നിവ പോലെ മറ്റുള്ളവര്‍ക്ക് നോക്കിക്കാണാന്‍ കഴിയുന്ന ഒന്നല്ല അത്. വ്രതം അത് അനുഷ്ഠിച്ചവന് മാത്രമറിയാവുന്ന പരമ രഹസ്യമാണ്. മറ്റുള്ള ഇബാദത്തുകളെല്ലാം ചില കര്‍മങ്ങള്‍ ചെയ്യുന്നതിലൂടെ ഉണ്ടായിത്തീരുന്നതാണെങ്കില്‍, നോമ്പ് ചില കാര്യങ്ങള്‍ ചെയ്യാതിരിക്കുന്നതിലൂടെ ഉണ്ടാവുന്നതാണ്. ഒരുതരം നിശ്ശബ്ദമായ ആരാധനാ കര്‍മം! അതുകൊണ്ടാണ് പ്രവാചകന്‍(സ) നോമ്പിനെക്കുറിച്ച് ഇപ്രകാരം പറഞ്ഞത്: "നോമ്പില്‍ ഒരു തരത്തിലുള്ള രിയാഉം (ജനങ്ങളെ കാണിക്കല്‍) ഇല്ല" (ബൈഹഖി, *ശുഅ്ബുല്‍ ഈമാന്‍*)

പ്രകടനപരത ഇല്ല എന്നതുകൊണ്ടുതന്നെ അല്ലാഹുവിനു വേണ്ടിയല്ലാതെ മറ്റാര്‍ക്കു വേണ്ടിയും ചെയ്യാനാവാത്ത കര്‍മം കൂടിയാണ് വ്രതം. അല്ലാഹുവിന്റെ പ്രീതിയും കാരുണ്യവും അനുഗ്രഹവുമാണ് നോമ്പുകാരന്റെ ലക്ഷ്യം. മറ്റൊന്നും അയാള്‍ക്ക് ലക്ഷ്യമല്ല. താനും തന്റെ ആമാശയവും മാത്രമറിയുന്ന പരമ രഹസ്യമായിട്ടു കൂടി വ്രതനാളില്‍ അറിഞ്ഞുകൊണ്ട് ഒരു തുള്ളി വെള്ളം പോലും അയാള്‍ അകത്തേക്കിറക്കുന്നില്ല. വിശന്നു പൊരിയുമ്പോഴും ഒരു ഭക്ഷണവും രുചിച്ചു നോക്കുന്നില്ല. വിഹിതമായ രീതിയില്‍ വിവാഹം കഴിച്ച ഭാര്യയില്‍ നിന്നു പോലും, ദൈവവിലക്കുണ്ട് എന്ന കാരണത്താല്‍ നോമ്പുകാരന്‍ അകലം പാലിക്കുന്നു. വ്രതം അല്ലാഹുവിനു മാത്രമുള്ള ഇബാദത്തായിത്തീരുന്നത് ഇങ്ങനെയെല്ലാമാണ്. നബി(സ) പറഞ്ഞു: "അല്ലാഹു അരുള്‍ ചെയ്തിരിക്കുന്നു. നോമ്പ് എനിക്കുള്ളതാണ്. അതിന് പ്രതിഫലം നല്‍കുന്നത് ഞാനാണ്. നോമ്പുകാരന്‍ ഭക്ഷണമുപേക്ഷിച്ചത് എനിക്കുവേണ്ടിയാണ്. പാനീയമുപേക്ഷിച്ചത് എനിക്കു വേണ്ടിയാണ്. സുഖഭോഗങ്ങള്‍ വെടിഞ്ഞത് എനിക്ക് വേണ്ടിയാണ്. ഭാര്യയില്‍ നിന്നകന്നു നിന്നതും എനിക്കു വേണ്ടിയാണ്" (ഇബ്നു ഖുസൈമ, 1896).

ദേഹേഛക്കും പൈശാചിക പ്രലോഭനങ്ങള്‍ക്കുമെതിരായ സമരവും പോരാട്ടവും കൂടിയാണ് വ്രതം. പ്രഭാതം മുതല്‍ പ്രദോഷം വരെ അന്ന പാനീയ മൈഥുനാദികളില്‍ നിന്ന് വിട്ടുനില്‍ക്കുകയാണ് നോമ്പിന്റെ ബാഹ്യ വശം. ഭക്ഷണവും ലൈംഗികതയും ജീവിതത്തിന്റെ നിലനില്‍പുമായി ബന്ധപ്പെട്ട അടിസ്ഥാന ആവശ്യങ്ങളാണ്. അതോടൊപ്പം ശാരീരികേഛകളില്‍ ഏറ്റവും പ്രധാനവും. ഇവയേക്കാള്‍ സാര്‍വത്രികവും ബലിഷ്ഠവും അദമ്യവുമായ മറ്റു ഇഛകളും താല്‍പര്യങ്ങളുമില്ല. ഇവയെ ബന്ധിച്ചു നിര്‍ത്തുക എന്നതാണ് സംസ്കരണത്തിന്റെയും വിജയത്തിന്റെയും പ്രഥമ പടി. അതിനു സാധിച്ചാല്‍ മറ്റെല്ലാമായി. പ്രവാചകന്‍(സ) പറഞ്ഞതിപ്രകാരമാണ്: "നോമ്പ് ഒരു പരിചയാണ്; നിങ്ങളിലൊരാള്‍ യുദ്ധവേളകളില്‍ ഉപയോഗിക്കുന്ന പരിചക്ക് സമാനമായ ഒന്ന്" (നസാഈ, ഇബ്നു ഖുസൈമ, ബൈഹഖി). വിവാഹം കഴിക്കാന്‍ സാമ്പത്തികമായി പ്രയാസം നേരിടുന്നവരോട് അവിടുന്ന് പറയാറുണ്ടായിരുന്നു: "നിങ്ങളിലൊരാള്‍ക്ക് വല്ല കാരണവശാലും വിവാഹം സാധ്യമാകാതെ വന്നാല്‍ അവന്‍ നോമ്പെടുത്തുകൊള്ളട്ടെ. എന്തുകൊണ്ടെന്നാല്‍ അത് വികാരങ്ങളെ വരിയുടച്ചുകളയുന്നതാണ്" (ബുഖാരി).

വ്രതത്തിന്റെ മഹത്വം വിളംബരം ചെയ്യുന്ന പ്രകൃത ഹദീസ് റിപ്പോര്‍ട്ട് ചെയ്ത പ്രമുഖ സ്വഹാബി അബൂഉമാമ(റ)യെക്കുറിച്ച്, ഇമാം ഇബ്നു ഹിബ്ബാന്റെ നിവേദനത്തില്‍ ഇത്ര കൂടിയുണ്ട്: "അബൂ ഉമാമ(റ) പിന്നീട് നോമ്പെടുക്കുന്നത് പതിവാക്കുകയുണ്ടായി. പകല്‍ നേരങ്ങളില്‍ അദ്ദേഹത്തിന്റെ വീട്ടില്‍ തീ പുകയാറുണ്ടായിരുന്നില്ല. വല്ല അതിഥികളും വന്നാലല്ലാതെ!" (ഇബ്നു ഹിബ്ബാന്‍, 3416). ■

*** *ഇമാം നസാഈ 4/165, ഇബ്നു ഖുസൈമ-1893, ഹാകിം- 1/421, ഇബ്നു ഹിബ്ബാന്‍ - 3416 തുടങ്ങിയവര്‍ ഉദ്ധരിച്ചത്. ഇതിന്റെ നിവേദക പരമ്പര സ്വഹീഹ് ആണെന്ന് ഹാകിം, ദഹബി തുടങ്ങിയവര്‍ സാക്ഷ്യപ്പെടുത്തുന്നു.*